REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-04-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- കേരളം ഉൾപ്പെടെ സംസ്ഥാനങ്ങളിൽ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാമനിർദേശ പത്രിക പിൻവലിക്കാൻ സമയപരിധി നാളെ അവസാനിക്കും.
- പ്രധാനമന്ത്രി നരേന്ദ്രമോദി മധ്യപ്രദേശിൽ BJP യുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഇന്ന് തുടക്കം കുറിക്കും.
- ലോക്സഭാ തെരഞ്ഞെടുപ്പിന് CPI പ്രകടന പത്രിക പുറത്തിറക്കി.
- ഇന്ന് ലോകാരോഗ്യ ദിനം.
- സംസ്ഥാനത്ത് കടുത്ത വേനൽച്ചൂട് തുടരുന്നു. ജില്ലകളിൽ ബുധനാഴ്ച വരെ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പ്.
- IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് വിജയം.

## വാർത്തകൾ വിശദമായി

രണ്ടാം ഘട്ടത്തിൽ ലോക്സഭ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളം ഉൾപ്പെടെ സംസ്ഥാനങ്ങളിൽ നാമനിർദേശ പത്രിക പിൻവലിക്കാൻ സമയപരിധി നാളെ അവസാനിക്കും. 89 മണ്ഡലങ്ങളിലാണ് ഈ ഘട്ടത്തിൽ വോട്ടെടുപ്പ്.

സംസ്ഥാനത്ത് 204 സ്ഥാനാർത്ഥികളുടെ പത്രികകൾ സൂക്ഷ്മപരിശോധനയിൽ സ്വീകരിച്ചു. പത്രിക പിൻവലിക്കാൻ സമയപരിധി അവസാനിക്കുന്നതോടെ അന്തിമ മത്സരചിത്രം വ്യക്തമാകും. ഇതോടെ പ്രചാരണ പരിപാടികളും കൂടുതൽ സജീവമാകും.

അന്തിമ വോട്ടർപട്ടികയിൽ സംസ്ഥാനത്ത് രണ്ട് കോടി 77 ലക്ഷത്തി 49,159 വോട്ടർമാർ ഇടംനേടിയിട്ടുണ്ട്. കടുത്ത വേനൽച്ചൂടിനെ അതിജീവിച്ചും സംസ്ഥാനത്തെ 20 ലോക്സഭാ മണ്ഡലങ്ങളിലും പ്രചാരണം സജീവമാണ്. ദേശീയ - സംസ്ഥാന നേതാക്കൾ മണ്ഡലങ്ങളിൽ എത്തിയതോടെ മൂന്ന് മുന്നണികളും ഒപ്പത്തിനൊപ്പം പ്രചാരണ തിരക്കിലാണ്. വരുംദിവസങ്ങളിൽ ദേശീയ പാർട്ടികളുടെ കൂടുതൽ നേതാക്കൾ പ്രചാരണത്തിനെത്തും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മധ്യപ്രദേശിൽ BJP യുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കം കുറിക്കും. മധ്യപ്രദേശിലെ ജബൽപൂർ നിയോജക മണ്ഡലത്തിൽ അദ്ദേഹം ഇന്ന് റോഡ്ഷോ നയിക്കും. പ്രധാനമന്ത്രി മറ്റന്നാൾ ബാലാഘട്ടിൽ റാലിയെ അഭിസംബോധന ചെയ്യുമെന്ന് പാർട്ടി നേതാക്കൾ അറിയിച്ചു.

പ്രധാനമന്ത്രി ഇന്ന് ബിഹാറിലെ നവാഡയിലും പൊതുയോഗത്തെ അഭിസംബോധന ചെയ്യും. BJP നേതാക്കൾക്കൊപ്പം NDA യിലെ ഘടകകക്ഷി നേതാക്കളും യോഗത്തിൽ പങ്കെടുക്കും. ബീഹാറിൽ പ്രധാനമന്ത്രിയുടെ രണ്ടാമത്തെ തിരഞ്ഞെടുപ്പ് റാലിയാണിത്.

✪✪✪

ജമ്മുകശ്മീരിനെപ്പറ്റി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയുടെ പരാമർശം രാജ്യസ്നേഹികളായ പൗരന്മാരെ വേദനിപ്പിക്കുന്നതും, രാജ്യത്തിന്റെ ഐക്യത്തെയും, ദേശിയോദ്ഗ്രഥനത്തെയും ദോഷകരമായി ബാധിക്കുന്നതുമാണെന്ന് കേന്ദ്രമന്ത്രി അമിത്ഷാ വിലയിരുത്തി. ഇന്ത്യയിലെ ഓരോ പൗരനും അവകാശപ്പെട്ട ജമ്മുകശ്മീർ, രാജ്യത്തിന്റെ അവിഭാജ്യ ഘടകമാണെന്നും അദ്ദേഹം സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് CPI പ്രകടന പത്രിക പുറത്തിറക്കി. ന്യൂഡൽഹിയിൽ പാർട്ടി ജനറൽ സെക്രട്ടറി D.രാജ പ്രകടന പത്രിക പ്രകാശനം ചെയ്തു. പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുമെന്നും, പൗരത്വ ഭേദഗതി നിയമം പിൻവലിക്കുമെന്നും, പൊതുമേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകുമെന്നും പ്രകടന പത്രിക പറയുന്നു. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിലെ കുറഞ്ഞ വേതനം 700 രൂപയാക്കുമെന്നും, വർഷത്തിൽ 200 തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുമെന്നും പ്രകടനപത്രിക വാഗ്ദാനം ചെയ്തു.

✪✪✪

കേരളത്തിലെ LDF ഉം, UDF ഉം ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്ന് BJP ദേശീയ അധ്യക്ഷൻ JP നദ്ദ അഭിപ്രായപ്പെട്ടു. അഴിമതിയുടെ കാര്യത്തിൽ ഇരു മുന്നണികളും ഒരേപോലെയാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്ത് ജനാധിപത്യത്തിനു പകരം തട്ടിപ്പും സ്വേച്ഛാധിപത്യവുമാണ് നിലനിൽക്കുന്നതെന്നും നദ്ദ ആരോപിച്ചു. സംസ്ഥാനത്ത് ഇടതു-വലതു മുന്നണികൾ എതിർ ചേരിയിലാണെങ്കിൽ ഡൽഹിയിൽ അവർ ഒരുമിച്ചാണ്. അഴിമതിയില്ലാത്ത നേതാക്കൾ കോൺഗ്രസിലൊ ഇൻഡി മുന്നണിയിലോ ഇല്ലെന്നും അദ്ദേഹം പറഞ്ഞു.

കോഴിക്കോട്ടെ NDA സ്ഥാനാർത്ഥി MT രമേശിന്റെ തിരഞ്ഞെടുപ്പ് പ്രചരണത്തിന്റെ ഭാഗമായി ഇന്നലെ രാത്രി സംഘടിപ്പിച്ച റോഡ്ഷോയിൽ പങ്കെടുക്കുകയായിരുന്നു നദ്ദ.

നരേന്ദ്രമോദിയുടെ പത്തു വർഷത്തെ ഭരണത്തിൽ ഇന്ത്യ ലോകത്തെ അഞ്ചാം സാമ്പത്തിക ശക്തിയായെന്നും, വൈകാതെ മൂന്നാം സ്ഥാനത്തേക്ക് ഉയരുമെന്നും നദ്ദ പറഞ്ഞു.

✪✪✪

ഒരു വിഭാഗം കോൺഗ്രസ് നേതാക്കൾ BJP ക്ക് അടിപ്പെട്ടവരാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആലപ്പുഴയിൽ പറഞ്ഞു.

മുഖ്യമന്ത്രി ഇന്ന് മാവേലിക്കര മണ്ഡലത്തിലെ LDF തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾക്ക് തുടക്കം കുറിക്കും. രാവിലെ ഭരണിക്കാവിലും, കുന്നത്തൂരിലും വൈകിട്ട് ചെന്നിത്തല, പത്തനാപുരം എന്നിവിടങ്ങളിൽ പ്രസംഗിക്കും.

✪✪✪

കേരളത്തിന് പുറത്ത്, കോൺഗ്രസിന്റെ കാരുണ്യത്തിൽ മത്സരിക്കുന്നത് കൊണ്ടാണ്, കേരളത്തിൽ കോൺഗ്രസിനെ അനുകൂലിച്ച്, മുഖ്യമന്ത്രി പിണറായി വിജയൻ BJP യെ വിമർശിക്കുന്നതെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K.സുരേന്ദ്രൻ പറഞ്ഞു. ദേശീയതലത്തിൽ നാമമാത്ര സീറ്റുകളിൽ മാത്രം മത്സരിക്കുന്ന പാർട്ടിയാണ് CPIM. അവരുടെ അവസരവാദ രാഷ്ട്രീയം ജനങ്ങൾ തള്ളിക്കളയുമെന്നും സുരേന്ദ്രൻ പറഞ്ഞു.

✪✪✪

ആലപ്പുഴയിൽ UDF സ്ഥാനാർത്ഥി KC വേണുഗോപാലിന്റെ തിരഞ്ഞെടുപ്പ് പര്യടനം ഇന്ന് കർണാടക ഉപമുഖ്യമന്ത്രി D K ശിവകുമാർ ഉദ്ഘാടനം ചെയ്യും. വൈകിട്ട് ചേർത്തല മുനിസിപ്പൽ മൈതാനത്താണ് പരിപാടി. തുടർന്ന് ഇരുവരും ചേർന്ന് റോഡ് ഷോയും നയിക്കും. മുതിർന്ന UDF നേതാക്കളും റോഡ്ഷോയിൽ പങ്കെടുക്കും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടേഴ്സ് ഇൻഫർമേഷൻ സ്ലിപ്പ് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരായ ബൂത്ത് ലെവൽ ഓഫീസർമാർക്ക് രണ്ടു ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിച്ചു. ഏപ്രിൽ എട്ടിനും 20നുമിടയിൽ ഏതെങ്കിലും രണ്ടു ദിവസമായിരിക്കും ഡ്യൂട്ടി ലീവെന്ന് ഉത്തരവിൽ പറയുന്നു.

✪✪✪

ത്രികോണ മത്സരം നടക്കുന്ന തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് പര്യടനം രണ്ടാം ഘട്ടത്തിലേക്ക് കടന്നു. നാമനിർദേശ പത്രികാ സമർപ്പണം പൂർത്തിയായതോടെ മുന്നണികളുടെ പ്രചാരണത്തിന് ചൂടേറി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

................(വോയ്സ്)........................

✪✪✪

ഇന്ന് ലോകാരോഗ്യ ദിനം. 1948 ൽ ലോകാരോഗ്യ സംഘടന സ്ഥാപിതമായ ഏപ്രിൽ ഏഴാണ് ലോകാരോഗ്യ ദിനമായി ആചരിക്കുന്നത്. 'എന്റെ ആരോഗ്യം, എന്റെ അവകാശം' എന്നതാണ് ഈ വർഷത്തെ ലോകാരോഗ്യദിന പ്രമേയം.

ഡെസ്ക് റിപ്പോർട്ട്.

............(വോയ്സ്)..................

ലോകാരോഗ്യ ദിനാചരണത്തിന്റെ ഭാഗമായി ആരോഗ്യമന്ത്രാലയത്തിന്റെയും സംസ്ഥാന

ആരോഗ്യവകുപ്പുകളുടെയും മെഡിക്കൽ സംഘടനകളുടെയും നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.

പൗരന്മാരുടെ ആരോഗ്യ അവകാശങ്ങളുടെ സംരക്ഷണത്തിന് ആരോഗ്യവകുപ്പ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. കേരള പൊതുജനാരോഗ്യ നിയമം, മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമം, സാംക്രമിക രോഗ നിയമം എന്നിവ നടപ്പിലാക്കിയത് ഇതിന്റെ ഭാഗമായാണ്. ആരോഗ്യപ്രവർത്തകർക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ 2012 ലെ നിയമം ശക്തിപ്പെടുത്തിയെന്നും മന്ത്രി പറഞ്ഞു.

ദിനാചരണത്തിന്റെ ഭാഗമായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പബ്ലിക് ഹെൽത്ത് ഫോറത്തിന്റെയും, മറ്റു സംഘടനകളുടെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന വാക്കത്തോൺ അല്പസമയത്തിനകം മാനവീയം വീഥിയിൽ ആരംഭിക്കും. സ്കൂൾ വിദ്യാർത്ഥികൾക്കായി IMA ഹാളിൽ രാവിലെ ഒൻപതിന് ക്വിസ് മത്സരവും സംഘടിപ്പിക്കും.

✪✪✪

സംസ്ഥാനത്ത് കടുത്ത വേനൽച്ചൂട് തുടരുന്നു. ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ബുധനാഴ്ച വരെ മഞ്ഞ ജാഗ്രത നൽകി.

കൊല്ലം, പാലക്കാട് ജില്ലകളിൽ  താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നേക്കുമെന്നാണ് മുന്നറിയിപ്പ്. തൃശൂർ, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി വരെയും ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 36 ഡിഗ്രി വരെയും താപനില ഉയർന്നേക്കും. തിരുവനന്തപുരം, മലപ്പുറം, കാസറഗോഡ് ജില്ലകളിൽ 36 ഡിഗ്രി വരെയാണ് പരമാവധി താപനില മുന്നറിയിപ്പ്.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് വീണ്ടും തോൽവി. ഇന്നലെ ഗോഹട്ടിയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനോട് ഏകപക്ഷീയമായ രണ്ടു ഗോളിനാണ് ബ്ലാസ്റ്റേഴ്സ് പരാജയപ്പെട്ടത്. ഇതോടെ ബ്ലാസ്റ്റേഴ്സ് പോയിന്റ് പട്ടികയിൽ അഞ്ചാമതെത്തി.  മറ്റൊരു മത്സരത്തിൽ മോഹൻബഗൻ ഏകപക്ഷീയമായ ഒരുഗോളിന് പഞ്ചാബ് FC യെ തോൽപ്പിച്ചു.

ഇന്ന് ഈസ്റ്റ് ബംഗാൾ ബംഗലൂരുവിനെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസിന് വിജയം. ജയ്പൂരിൽ റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ ആറ് വിക്കറ്റിനാണ് രാജസ്ഥാൻ പരാജയപ്പെടുത്തിയത്. ഇതോടെ രാജസ്ഥാൻ പോയിന്റ് പട്ടികയിൽ ഒന്നാമതെത്തി.

ഇന്ന് രണ്ടുമത്സരങ്ങളുണ്ട്. മുംബൈയിൽ ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് ലക്നൗ സൂപ്പർ ജയന്റ്സും ഗുജറാത്ത് ടൈറ്റൻസും തമ്മിലാണ് മത്സരം.

✪✪✪

ദേശീയ ജൂനിയർ സ്കൂൾ അത്-ലറ്റിക് മീറ്റ്, പട്നയിൽ ആരംഭിച്ചു. ഈ മാസം ഒൻപതിന് സമാപിക്കും. യോഗ്യത റൗണ്ട് മത്സരങ്ങൾ നടന്ന ആദ്യദിനത്തിൽ 6 കേരളതാരങ്ങൾ ഫൈനലിലെത്തി. 36 ആൺ കുട്ടികളും, 28 പെൺകുട്ടികളുമടങ്ങുന്ന സംഘമാണ് കേരളത്തിനായി മത്സരിക്കുന്നത്.

✪✪✪

CPIM തൃശൂർ ജില്ലാ കമ്മറ്റിയുടെ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ച നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് പ്രസ്താവനയിൽ കുറ്റപ്പെടുത്തി. വരവു-ചെലവ് കണക്കുകൾ ആദായനികുതി വകുപ്പിനും, തെരഞ്ഞെടുപ്പ് കമ്മീഷനും പാർട്ടി കൃത്യമായി നൽകാറുണ്ട്. തൃശൂരിലെ കണക്കുകളും ഇത്തരത്തിൽ നൽകിയതാണെന്ന് പ്രസ്താവനയിൽ പറയുന്നു.

✪✪✪

റംസാൻ 27-ാം രാവിന്റെ പുണ്യം തേടി പതിനായിരക്കണക്കിന് വിശ്വാസികൾ സ്വലാത്ത് നഗറിലെത്തി. മക്കയും മദീനയും കഴിഞ്ഞാൽ റംസാൻ കാലത്ത് ഏറ്റവും കൂടുതൽ വിശ്വാസികൾ ഒരുമിച്ച് ചേരുന്ന പ്രാർത്ഥനാ നഗരിയാണ് മലപ്പുറത്തെ സ്വലാത്ത്നഗർ.

രാത്രി സമസ്ത ഉപാധ്യക്ഷൻ സയ്യിദ് അലി ബാഫഖി തങ്ങളുടെ പ്രാരംഭ പ്രാർത്ഥനയോടെ സമാപന പരിപാടികൾ തുടങ്ങി. ഇന്ത്യൻ ഗ്രാന്റ് മുഫ്തി കാന്തപുരം A.P അബൂബക്കർ മുസ്-ലിയാർ ഉദ്ഘാടനം ചെയ്തു.

✪✪✪

കോഴിക്കോട് ജില്ലയിൽ മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചു. കഴിഞ്ഞ 10 ദിവസത്തിനിടെ രണ്ട് പേർ ജില്ലയിൽ മഞ്ഞപ്പിത്തം ബാധിച്ച് മരിക്കുകയും, രോഗികളുടെ എണ്ണം കൂടുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നിർദ്ദേശം.

ചെക്യാട്, കിഴക്കോത്ത് എന്നിവിടങ്ങളിലാണ് മരണമുണ്ടായത്. കരുതൽ ഇല്ലെങ്കിൽ മഞ്ഞപ്പിത്തം വ്യാപകമാകാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

മലപ്പുറം ജില്ലയിൽ മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്ത പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. കുടിവെള്ള സ്രോതസ്സുകൾ ആഴ്ചയിൽ രണ്ടു തവണയെങ്കിലും ക്ലോറിനേറ്റ് ചെയ്യണമെന്നും, തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാൻ ഉപയോഗിക്കണമെന്നും ആരോഗ്യവകുപ്പ് ആവശ്യപ്പെട്ടു.

✪✪✪